പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം: 7872 — 23.07.2012 - ൽ മറുപടിക്ക്

**കാസർഗോഡ് ജനറൽ ആശുപത്രിയിൽ ഹസീനയുടെ മരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) | |
| (എ) | 2012 ജൂൺ മാസത്തിൽ കാസർഗോഡ് ജനറൽ ആശുപത്രിയിൽ ഹസീന ദുരൂഹ സാഹചര്യത്തിൽ മരണപ്പെട്ട സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഇതു സംബന്ധിച്ച് അന്വേഷിക്കണമെന്നാവശ്യപ്പെട്ട് പരാതികൾ ലഭിച്ചിട്ടുണ്ടോ; | (ബി) | ലഭിച്ചിട്ടുണ്ട്. |
| (സി) | എങ്കിൽ ഇതു സംബന്ധിച്ച് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ? | (സി) | ഇതു സംബന്ധിച്ച് കുമ്പള പോലീസ് സ്റ്റേഷൻ ക്രൈം നം. 367/2012 u/s 174 Cr.PC പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതും, മരണപ്പെട്ട ഹസീനയുടെ മൃതദേഹം പരിയാരം അക്കാഡമി ഓഫ് മെഡിക്കൽ സയൻസിൽ വച്ച് പോസ്റ്റ്മോർട്ടം നടത്തുകയും ആയതിൽ പോലീസ് സർജൻ പ്രാഥമികമായി മരണ കാരണം ന്യുമോണിയ ആണെന്നും മറ്റ് സംശയങ്ങളൊന്നും ഇല്ല എന്നും പറഞ്ഞിട്ടുള്ളതാണ്. ആന്തരിക അവയവങ്ങളുടെ രാസപരിശോധനാ റിപ്പോർട്ട് ഇതുവരെയും ലഭിച്ചിട്ടില്ല. കേസിൻമേലുള്ള അന്വേഷണം തുടർന്നു വരുന്നു. |

സെക്ഷൻ ഓഫീസർ